5505
27/8/13

**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - മഹിളാമന്ദിരം , തവനൂർ - അന്തേവാസികളെ പഴയ പ്രതീക്ഷാ ഭവൻ കെട്ടിടത്തിലേക്ക് മാറ്റുന്നതിനും നിർദ്ദിഷ്ട സെൻട്രൽ ജയിലിലേക്ക് റോഡ് നിർമ്മിക്കുന്നതിന് മഹിളാമന്ദിരം കെട്ടിടത്തിന്റെ റോഡിനാവശ്യമായ ഭാഗം പൊളിച്ചു മാറ്റുന്നതിനും അനുമതി നൽകിയ ഉത്തരവ് റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ.) നം. 434/2013/സാനീവ തിരുവനന്തപുരം, തീയതി. 24/08/2013

==========================================================================

പരാമർശം :1. 16.05.2013 ലെ സ.ഉ.(സാധാ) 220/13/സാനീവ നമ്പർ സർക്കാർ ഉത്തരവ്

2. സാമൂഹ്യനീതി ഡയറക്ടറുടെ 18.07.2013 ലെ എഫ്6 - 19839/13 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറത്തെ തവനൂരിൽ സോഷ്യൽ വെൽഫെയർ കോംപ്ലക്സും തവനൂർ സെൻട്രൽ ജയിലും നിർമ്മിക്കുന്നത് സംബന്ധിച്ച് ആഭ്യന്തര വകുപ്പിന്റെയും സാമൂഹ്യനീതി വകുപ്പിന്റെയും 03.10.2012-ലെ സംയുക്ത യോഗ തീരുമാനമനുസരിച്ച് 29.12.2012 ൽ നടന്ന ആഭ്യന്തര, സാമൂഹ്യനീതി വകുപ്പുകളുടെ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിലും സാമൂഹ്യനീതി ഡയറക്ടറുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിലും തവനൂർ മഹിളാ മന്ദിരത്തിലെ അന്തേവാസികളെ പഴയ പ്രതീക്ഷാ ഭവൻ കെട്ടിടത്തിലേക്ക് മാറ്റി പാർപ്പിക്കുന്നതിനും നിർദ്ദിഷ്ട തവനൂർ സെൻട്രൽ ജയിലിലേക്ക് റോഡ് നിർമ്മിക്കുന്നതിനായി പ്രസ്തുത കെട്ടിടത്തിന്റെ റോഡിനാവശ്യമായ ഭാഗം പൊളിച്ചു മാറ്റുന്നതിനും അനുമതി നൽകി കൊണ്ട് സൂചന ഒന്നു പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി കെട്ടിടം നില നിർത്തിക്കൊണ്ട് ജയിലിലേയ്ക്ക് റോഡു നിർമ്മിക്കുന്നതിന്റെ സാദ്ധ്യതകളെക്കുറിച്ച് സാമൂഹ്യ നീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 16.07.2013 - ൽ നടത്തിയ ചർച്ചയിൽ പ്രസ്തുത മഹിളാ മന്ദിരം അതേപോലെ നിലനിർത്തി ടി കെട്ടിടത്തിന് കിഴക്കു വശം കുറഞ്ഞത് 4 മീറ്ററെങ്കിലും അകലം പാലിച്ച് 12 മീറ്റർ വീതിയിൽ ജയിലിലേക്കുള്ള റോഡ് നിർമ്മിക്കാൻ തീരുമാനിച്ചിരിക്കുന്നതായും ആയതു കൊണ്ട് തവനൂരിലെ മഹിളാമന്ദിരം കെട്ടിടം ഭാഗികമായോ പൂർണ്ണമായോ പൊളിച്ച് മാറ്റേണ്ടതില്ലായെന്ന് സാമൂഹ്യനീതി ഡയറക്ടർ സൂചന രണ്ടു പ്രകാരം അറിയിച്ചിരുന്നു.

2. ഈ വിഷയം സർക്കാർ ഒരിക്കൽ കൂടി പരിശോധിച്ചു. സാമൂഹ്യനീതി ഡയറക്ടർ വ്യക്തമാക്കിയ സാഹചര്യത്തിൽ തവനൂരിലെ മഹിളാ മന്ദിരം പൊളിച്ചു മാറ്റേണ്ടതില്ലാത്തതിനാൽ ആയത് പൊളിച്ചു മാറ്റുന്നതിന് അനുമതി നൽകിയ സൂചനയിലെ സർക്കാർ ഉത്തരവ് റദ്ദാക്കി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എൽ.എ. ഗ്രിഗോറിയസ്
ഡെപ്യൂട്ടി സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ആഭ്യന്തര വകുപ്പ്
വെബ് & ന്യൂ മീഡിയാ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
(വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി)
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

R. Vijayan

സെക്ഷൻ ഓഫീസർ